# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കവിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: K.S.A.PTAP7-1001/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A.PTAP7-1001/2023 തീയ്യതി: 20/10/2023

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്. ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ..ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. എം.ഡി.ദിനേശ്കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജോസഫ് അലോഷ്യസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിനികുമാരി പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-04-2022 |
| ശ്രീമതി പ്രീത ആർ. നായർ | അസിസ്റ്റന്റ് സെക്രട്ടറി | 25-04-2022 | 25-10-2022 |
| ശ്രീമതി ലക്ഷ്മി എസ്. | ഹെഡ് ക്ലാർക്ക് (ചാർജ്ജ്) | 26-10-2022 | 30-10-2022 |
| ശ്രീമതി നജ്മ ബീവി എം.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 12-12-2022 |
| ശ്രീ. മനോജ്കുമാർ വി. | ഹെഡ് ക്ലാർക്ക് (ചാർജ്ജ്) | 13-12-2022 | 18-12-2022 |
| ശ്രീ. അനീഷ്കുമാർ വി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2022 | 31-03-2023 |
| ശ്രീ. സന്ദീപ് പി. കുമാർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സൗമ്യ കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-12-2022 |
| ശ്രീമതി ആശാ റാണി എ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-12-2022 | 31-01-2023 |
| ശ്രീ. ജേക്കബ് അലക്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2023 | 28-02-2023 |
| ശ്രീ. സുജിത് രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2023 | 27-03-2023 |
| ശ്രീമതി സൗമ്യ കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 28-03-2023 | 31-03-2023 |
| ഡോ. ലക്ഷ്മി ആർ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. റൂബിൻ മേരി റ്റി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 20-12-2022 |
| ഡോ. വിനീത രവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-12-2022 | 31-03-2023 |
| ഡോ. ആശ അലക്സ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ലതികകുമാരി എം.സി. | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി രേഖ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി വി.എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കവിയൂർ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ. ധനേഷ് കെ.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടൂർ സർക്കിൾ | 01-04-2022 | 16-07-2022 |
| ശ്രീമതി ലക്ഷ്മി വി.എൻ. | ,, | 17-07-2022 | 03-08-2022 |
| ശ്രീ. രാജേഷ് ഇ.എം. | ,, | 04-08-2022 | 27-12-2022 |
| ശ്രുമതി ലക്ഷ്മി വി.എൻ. | ,, | 28-12-2022 | 31-03-2023 |
| ശ്രീമതി റോഷ്ന കരീം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സുകേഷ് കുമാർ കെ | ഡയറി ഫാം ഇൻസ്ലക്ടർ | 01-04-2022 | 22-06-2022 |
| ശ്രീമതി ജസി തോമസ് | ഡയറി ഫാം ഇൻസ്ലക്ടർ | 23-06-2022 | 03-08-2022 |
| ശ്രീ. സുഭാഷ് ജെ | ഡയറി ഫാം ഇൻസ്ലക്ടർ | 04-08-2022 | 18-10-2022 |
| ശ്രീമതി ജസി തോമസ് | ഡയറി ഫാം ഇൻസ്ലക്ടർ | 19-10-2022 | 31-12-2022 |
| ശ്രീ സുഭാഷ്. ജെ.എൽ | ഡയറി ഫാം ഇൻസ്ലക്ടർ | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാങ്ക് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-5 |
| 7 | വരവ് ഇനം ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുക കൃത്യമല്ല | 1-1-10 |
| 12 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-11 |
| 13 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-15 |
| 17 | തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം(റസിപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്) | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വിഭവ സമാഹരണം- അവലോകനം | 1-11 |
| 28 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 29 | വാടക പിരിവ്-അപാകങ്ങൾ | 1-13 |
| 30 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-14 |
| 31 | ലൈസൻസ് പിരിവ്- അപാകങ്ങൾ | 1-15 |
| 32 | ലേലം നടക്കാത്തതിനാൽ വരുമാനം ലഭിക്കുന്നില്ല | 1-16 |
| 33 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-17 |
| 34 | സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും മരണപ്പെട്ടവരെയും, അനർഹരെയും സമയബന്ധിതമായി ഒഴിവാക്കുന്നില്ല | 1-18 |
| 35 | പൊതുടാപ്പുകളുടെ വെള്ളക്കരം-പഞ്ചായത്ത് ഫണ്ട് പാഴാകുന്നു | 1-19 |
| 36 | ലൈവ് സ്റ്റോക്ക് വിതരണം , സബ്സിഡി നൽകൽ - രേഖകൾ ലഭ്യമാക്കുന്നതിലും സൂക്ഷിക്കുന്നതിലും സുതാര്യത കുറവ് | 1-20 |
| 37 | മെഡിക്കൽ ഓഫീസറുടെ പദ്ധതികളിൽ ക്രമവിരുദ്ധമായി തുക ട്രാൻസ്ഫർ ചെയ്തു. | 1-21 |
| 38 | സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെടുത്തിയത്-59.37 ലക്ഷം രൂപ | 1-22 |
| 39 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-23 |
| 40 | വിവിധ മുൻകൂറുകൾ - 60.95 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-24 |
| 41 | ബാലസഭ പ്രവർത്തനം- അധികം തുക ചെലവഴിച്ചു | 1-25 |
| 42 | മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കാൽ കോടിയിലധികം രൂപ ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - കുടിവെള്ള പദ്ധതിയ്ക്ക് ആരംഭം കുറിച്ചില്ല. | 1-26 |
| 43 | അതി ദരിദ്രർക്കുള്ള ഭക്ഷണ വിതരണം - പ്രോജക്ട് നടപ്പാക്കിയത് ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്ത പ്രകാരമല്ല | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ബാലസഭ പ്രവർത്തനം- അധികം തുക ചെലവഴിച്ചു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-07-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട
20/10/2023

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,34,513 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 79,86,680 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ബാങ്ക്/അക്കൗണ്ട് നം. | അപാകത |
|---|---|
| എസ്.ബി.ഐ. E-പേയ്മെന്റ് A/c No. 36874509391 | 1.Cheque Issued But Not Presented Into Bank എന്ന ശീർഷകത്തിൽ 167089 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ മാർച്ച് 31 ന് 139037 രൂപ മാത്രമേ ബാങ്കിൽ നിന്നും മാറാൻ അവശേഷിക്കുന്നുള്ളൂ. |
| | 2.Directly Credited By Bank ആയി 13583 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |

## 1-1-4 ബാങ്ക് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ - പൈക്ക (അക്കൗണ്ട് നം. 3326926848)- ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക കണക്കിലെ ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല

താഴെ കൊടുത്തിട്ടുള്ള ബാങ്ക്അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക |
|---|---|---|
| 1 | എസ്.ബി.ഐ. E-പേയ്മെന്റ് A/c No. 36874509391 | 13583 |

ബാങ്കുമായി ബന്ധപ്പെട്ട്, ഈ വരവ് പരിശോധിച്ച് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

## 1-1-6 വരവ് ഇനം ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ചുവടെ ചേർത്തിരിക്കുന്ന വരവ് ഇനം ശരിയായ ശീർഷകത്തിലല്ല ബുക്ക് ചെയ്തിരിക്കുന്നത്.

| ക്രമ നം. | വരവിന്റെ വിവരം | തുക (രു.) | വരവ് ബുക്ക് ചെയ്ത ശീർഷകം | വരവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതിയ്ക്ക് ലഭിച്ച തുക (പ്രോജക്ട് നം.S112/13) | 15,00,000 | 320300199- Grants, Funds & Contributions For Spcific Purposes | 312100521- Contribution For JV Projects(Capital Exp.) From Dist. Panchayat |
| 2 | ഔദ്യോഗിക വാഹനം വിറ്റത് | 1,53,500 | 140400199- Other Fees | 180300101- Profit On Disposal Of Assets |
| 3 | ഔദ്യോഗിക വാഹനം വിറ്റത്- EMD അഡ്ജസ്ററ് ചെയ്തത് | 2,000 | 340100103- EMD | 180300101- Profit On Disposal Of Assets എന്ന ഹെഡിലേക്ക് ജേണൽ വഴി മാറ്റിയില്ല. |
| 4 | ലൈഫ് ഭവന പദ്ധതി – ബ്ലോക്ക് വിഹിതം (പ്രോജക്ട് നം. S0029/23) | 3,60,0000 | -- | 160300102- Contribution Towards JV- From Block Panchayats |

## 1-1-7 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ചുവടെ വിവരിക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ച തുകകൾ, ചെലവ് ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം അഡ്വാൻസ് നൽകിയ തുക ആസ്തി ഹെഡിൽ ഉൾപ്പെടുകയും ബാലൻസ്ഷീറ്റിൽ തെറ്റായ സാമ്പത്തിക വിവരം പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക (രൂ.) | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | മത്തിമല കടുകുളാം പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നം.S0112/13) | 15,00,000 | 414120008 Public Drinking Water Programmes- Pipe Line | 460500201- Advance To Implementing Agencies- Deposit With KWA |
| 2 | ഓഫീസിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ | 2,617 | 415100101- Electrification Of Offices | 230500904- Repairs And Maintenance- Electrical Appliances |
| 3 | ഐരാർ പാടശേഖരം- പോസ്റ്റ് ,ലൈൻ സ്ഥാപിക്കൽ (പ്രോജക്ട് നം.S0078/23) | 29,399 | 250101505- Agr. Development- Maintenance Of Farms | 460500202- Implementing Agencies - Deposit With Kerala Electricity Board |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ ഉചിതമായ ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-1-8 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

1/4/2022-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23-ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ്

എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31-03-2023 ലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പുതുതായി അസ്സസ്സ് ചെയ്ത് ഒരു കെട്ടിടത്തിന്റെ നികുതിയും സമയബന്ധിതമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികളും 31-03-2023 ൽ ഒറ്റ 'എൻട്രി' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-9 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാടകയിനത്തിലുള്ള വരവുകൾ, വാർഷിക കണക്കുകളും രജിസ്റ്ററുകളിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 458076 | 311337 | 146739 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 458706 | 331175 | 126901 |
| വ്യത്യാസം | -- | 19838 | -19838 |

## 1-1-10 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുക കൃത്യമല്ല

ഷെഡ്യൂൾ ബി-3: വിവിധ സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുക കൃത്യമല്ല.

## 1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-12 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(I-19) പ്രകാരം "190000000-Prior Period Income", എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | | |
|---|---|---|
| 190100101 | Prior Period Income -Property Tax | 63,444 |
| 190100102 | Prior Period Income- Profession Tax | 1,000 |

## 1-1-13 നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ലഭിച്ച തുകകളുടെ നീക്കിയിരിപ്പ്- ബന്ധപ്പെട്ട ബാധ്യത ഹെഡും ട്രഷറി നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-14 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രേൾ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-16 തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | വരവ് ശീർഷകം, തുക I-6 | ചെലവ്- ശീർഷകം, തുക I-14 (F) |
|---|---|---|
| NREGS ലഭ്യമാക്കിയ കണക്കുകൾ | Rs. 17070797 | Rs. 17385235 |
| വാർഷിക കണക്കുകൾ | 160100628 - Rs. 1,70,72,110 | 256100116- Rs. 684975<br>256100117- Rs. 15977213 |

## 1-2 ബജറ്റ്

3084304 രൂപ മുന്നിരിപ്പും 265795000 രൂപ വരവും 265413000 രൂപ ചെലവും 3466304 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് 24.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 30.03.2023 തീയതിയിലെ 4(1)- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം(റസിപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്)

| | |
|---|---|
| മുന്നിരിപ്പ് | 10596743 |
| വരവ് | 36701404 |
| ആകെ | 47298147 |
| ചെലവ് | 36266891 |
| നീക്കിയിരിപ്പ് | 11031256 |

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| വരവ് | 88,462,306 |
| ചെലവ് | 96,488,404 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 10060380 | 10060380 | 9726090 | -- | 334290 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 6664000 | 6664000 | 6008269 | -- | 655731 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-റ്റി.എസ്.പി | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1471374 | 4611822 | 6083196 | 1390438 | 4122374 | 570384 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 539907<br>പലിശ | 1767973<br>124655 | 2432535 | 1516205 | 915357 | 973 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 7404000 | 7404000 | 2907802 | -- | 4496198 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 4570000 | 4570000 | 3128862 | -- | 1441138 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വ മിഷൻ | 473672 | -- | 473672 | -- | 473672 | -- |
| ലൈഫ് -സംസ്ഥാനം വിഹിതം | 700000 | 3800000 | 4500000 | 1600000 | 2900000 | -- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1231720 | 588226 | 1819946 | 178092 | 1641854 | -- |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 7143 | 18476342 | 18483485 | 18477655 | 5830 | -- |
| ഹെൽത്ത് ഗ്രാന്റ് | -- | 500000 | 500000 | -- | 500000 | -- |
| പൈക്ക | 2032 | 59 | 2091 | -- | 2091 | -- |

<u>കുറിപ്പ്:</u>

1. G.O(Rt) No. 1049/2023/Fin തീയതി: 13-02-2023 പ്രകാരം, നികുതി പിരിവ് കുറഞ്ഞതിനാൽ ആകെ വിഹിതത്തിൽ നിന്നും (ജനറൽ) 101620 രൂപ കുറവ് വരുത്തിയിട്ടുണ്ട്.

2. സി.എഫ്.സി. അൺടൈഡ് ഗ്രാന്റിന്റെ ചെലവ് - വാർഷിക ധനകാര്യപത്രികയും (രൂ. 1516205), ഗ്രാന്റ് വിനിയോഗ പത്രികയുമായി (രൂ. 1232936) 283269 രൂപയുടെ വ്യത്യാസമുണ്ട്.

3. സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും കൃത്യമായ വിവരം സ്ഥാപനം ഉൾപ്പെടുത്തിയിട്ടില്ല.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 613132 |
| ,, | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 521158 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 151 | 72183455 | 109 | 42828787 | 42 | 59.33 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 39 | 31 | 11409890 | 9406592 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1734744 | 1683364 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 22 | 19432799 | 6371843 |
| 4 | കൃഷി ഓഫീസർ | 9 | 9 | 3374510 | 3374510 |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 8 | 6 | 1723900 | 1368077 |
| 7 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 700000 | 700000 |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 866000 |
| 9 | ഹെഡ് മിസ്ട്രസ് | 3 | 3 | 706700 | 706700 |
| 10 | ഫിഷറീസ് സബ് ഇൻസ്പെക്ടർസബ് ഇൻസ്പെക്ടർ | 2 | 2 | 154752 | 28552 |
| 11 | വെറ്റിനറി സർജൻ | 5 | 5 | 1997400 | 1892400 |
| 12 | ഐസിഡിഎസ് സൂപ്പർവൈസർ | 7 | 7 | 3520120 | 2997130 |
| 13 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 7 | 7 | 23153000 | 11661284 |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 11 | 6 | 6 | 2775640 | 1772335 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7143 | 2499126 | 2506269 | 2500439 | 5830 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15977216 | 15977216 | 15977216 | 0 |
| ആകെ | 7143 | 18476342 | 18483485 | 18477655 | 5830 |

ആകെ വരവിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്കുപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,999,600 | 185 |
| വിധവാപെൻഷൻ | 6,082,100 | 572 |
| വാർദ്ധക്യകാല പെൻഷൻ | 15,614,600 | 1470 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,058,600 | 187 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 206,400 | 19 |
| തൊഴിൽരഹിത വേതനം | 1,440 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023 ന് 3.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 70,397 രൂപ (എഴുപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയേഴ് ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല . വിവിധ മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലെ 11-09-2023 തീയതിയിലെ കണക്കുകളനുസരിച്ച് 366 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുകയും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാകുന്നുണ്ടോ എന്ന് സെക്രട്ടറി, പ്രസിഡൻറ്, കമ്മിറ്റി എന്നിവർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

2) മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തുന്നില്ല.

3) വരുമാന വർദ്ധനവ്

തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

4) ആസ്തി രജിസ്റ്റർ – അപാകത

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും റോഡ് ഒഴികെയുള്ള മറ്റു എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്റർ പരിശോധനയാക്ക് ഹാജരാക്കിയില്ല. മറ്റുള്ള ആസ്തികളെ സംബന്ധിച്ച വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല . കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന റോഡുകൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലികമാക്കി

സൂക്ഷിച്ചിട്ടുള്ള റോഡുകളുടെ ആസ്തി രജിസ്റ്ററിൽ ആയത് ഉൾപ്പെടുന്ന വാർഡുകൾ രേഖപ്പെടുത്തുന്നില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

5) ഗ്രാമസഭാ പ്രവർത്തനം

ഗ്രാമസഭകളിൽ ജന പങ്കാളിത്തം കുറവായത് കാരണം നിയമപരമായ ക്വാറം ഇല്ലാതെയാണ് ഗ്രാമ സഭകൾ കൂടുന്നത് . കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3A, 3B എന്നിവ പ്രകാരമുള്ള ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പഞ്ചായത്തിൽ നടപ്പിലാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2018 28.02.2018 | 2012 – 13 മുതൽ 2016 – 17 വരെ | 11.04.2018 |
| പെർഫോമൻസ് ഓഡിറ്റ് | 09.03.2022 മുതൽ 11-03-22 വരെ | 04-2021 മുതൽ 12-2021 വരെ | 10-10-22 |

## 1-11 തനത് വിഭവ സമാഹരണം- അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ വരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി 784 കെട്ടിടങ്ങളാണ് വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

പഞ്ചായത്തിലെ വിവിധ നികുതി/ നികുതിയേതര വരവുകളുടെ ഡിമാൻഡ് – പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മീറ്റിങ്ങുകളിൽ ചർച്ച ചെയ്യുന്നുണ്ട്.വസ്തു നികുതി വരുമാനത്തിന്റെ അവലോകനം ഓരോ മാസവും നടത്തുന്നുണ്ടെങ്കിലും ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി സമയ ബന്ധിതമായി വരുത്തുന്നില്ല. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും യഥാർത്ഥ വരവുകളും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്.ചില പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 6800000 | 4969349 |
| 2 | തൊഴിൽ നികുതി | 1500000 | 1182880 |
| 3 | ലൈസൻസ് ഫീസ് | 350000 | 164600 |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 280000 | 159,858 |

വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക കണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി-പാർപ്പിടം(തൻവർഷം) | 3290626 | 3225017 | 98% |
| 2 | വസ്തുനികുതി-പാർപ്പിടം (അരിയർ) | 710980 | 210655 | 29% |
| 3 | വസ്തുനികുതി-പാർപ്പിടേതരം | 1517606 | 1407843 | 93% |

| | | | | |
|---|---|---|---|---|
| | (തൻവർഷം) | | | |
| 4 | വസ്തുനികുതി-പാർപ്പിടേതരം (അരിയർ) | 949322 | 125834 | 13% |
| 5 | തൊഴിൽ നികുതി(ജീവനക്കാർ) | 892640 | 858640 പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായ 34000/- കളക്ഷനായി ചേർത്തിട്ടില്ല | 100% |
| 6 | തൊഴിൽ നികുതി(സ്ഥാപനം) | 63700 | 63700 | 100% |
| | ലൈസൻസ് ഫീസ് | 164600 | 106200 (അഡ്വാൻസ് 58400) | 100% |
| 7 | വാടക | 458,076 | 368871 | 81% |

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയുടെ കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് വക 2 കടമുറികൾ, കുട്ടികളുടെ പാർക്ക്, കുട്ടികളുടെ പാർക്കിനു സമീപമുള്ള റബ്ബർ, തെങ്ങ് ഇവയിൽ നിന്നുള്ള ആദായം എന്നിവയുടെ ലേലം നടക്കാത്തതിനാൽ ഈയിനങ്ങളിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല.

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

<u>പുതുക്കിയ നിരക്കിലെ വസ്തു നികുതി</u>

തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ 18/04/2023 ലെ 2(2) നം. തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കരട് തയ്യാറാക്കി 31.07.2023 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവിൽ വസ്തുനികുതിയുടെ 25% എന്ന നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട്.പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.

വിഭവ സമാഹണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിഭവ സമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.സാധ്യമായ എല്ലാവഴികളും സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ.ബുക്ക് നം.82,83,89,90, )

2.പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം.88)

3.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.90 രസീത് നം.60 മുതൽ 100 വരെ,)

മേൽ സൂചിപ്പിച്ച അപാകങ്ങൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക പിരിവ്-അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക 26 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന എല്ലാ വാടകക്കാരുമായും ഗ്രാമ പഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല.
13 വാടകക്കാരാണ് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടുള്ളത്. വാടകക്കാരുമായി മുദ്രപത്രത്തിൽ ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും.പഞ്ചായത്തുകളിൽ കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറിയും ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാർ, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടക രഹിതമായി വർഷങ്ങളായി പ്രവർത്തിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടക രഹിതമായി വർഷങ്ങളായി പ്രവർത്തിച്ച വരുന്നുണ്ട്. നിലവിൽ മാവേലി സ്റ്റോറുകൾക്ക് മാത്രമാണ് വാടകരഹിതമായി കെട്ടിടം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പോസ്റ്റ് ഓഫീസിന് വാടകരഹിതമായി കെട്ടിടം നൽകിയ തീരുമാനം പുനപരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു .

2022-23 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, അരിയർ രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരുടെപേര് | കെട്ടിട നം | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | സുഭാഷ് കുമാർ | X/167 | 2022-23 | 16452 |
| 2 | വി.കെ.രാജൻ | X/174 | 2021-22<br>2022-23 | 15516/-<br>16296/- |
| 3 | വിജയമ്മ സുധാകരൻ | X/152 B | 2022-23 | 13125 |
| 4 | സുഭാഷ് കുമാർ | X/170 | 2022-23 | 9204 |
| 5 | മനോജ് കെ.എ | VII/176 | 2022-23 | 14064 |
| 6 | പൊന്നമ്മ കെ.കെ | X/178 | 2022-23 | 1797 |
| 7 | അനീഷ് എം.എസ് | VII/179 | 2022-23 | 5124 |
| 8 | മനോജ് കെ.എ | VII/415 | 2022-23 | 10980 |

കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/19.9.2023) ക്രമ നം3. വിജയമ്മ സുധാകരനിൽ നിന്നും തുക ഈടാക്കുന്നതിന് റെവന്യ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അവശേഷിക്കുന്നവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 261 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് . അവയിൽചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. . ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | റേഷൻകടകൾ | 1 & 11 |
| 2 | അക്ഷയ കേന്ദ്രങ്ങൾ | 1 & 11 |
| 3 | ജെ.ജെ.കൺസൾട്ടന്റ്സ് & ഡെവലപ്പേഴ്സ് തോട്ടഭാഗം | 1 & 11 |

| | | |
|---|---|---|
| 4 | ഗൾഫ് ഇലക്ട്രോണിക്സ്, കവിയൂർ | 1 & 11 |
| 5 | മിനി മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, തോട്ടഭാഗം | 1 & 11 |
| 6 | ലില്ലി ഫിനാൻസിയേഴ്സ്, കവിയൂർ | 1 & 11 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കോട്ടൂർ ക്ഷീര സഹകരണ സംഘം | 1 & 11 |
| 2 | റേഷൻകടകൾ | 1 & 11 |
| 3 | അക്ഷയ കേന്ദ്രങ്ങൾ | 1 & 11 |
| 4 | മിനി മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, തോട്ടഭാഗം | 1 & 11 |
| 5 | ലില്ലി ഫിനാൻസിയേഴ്സ്, കവിയൂർ | 1 & 11 |
| 6 | പടിഞ്ഞാറ്റുംചേരി ക്ഷീര സഹകരണ സംഘം | 1 & 11 |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ എറ്റെടുത്തു ചെയ്ത 12കരാറുകാരിൽ 6 പേർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ പി.എം.കബീർ

2. ശ്രീവർഗ്ഗീസ് ജോർജ്ജ്

3. ശ്രീ ജോൺ തോമസ്

4. ശ്രീ പ്രസാദ് എ

5. ശ്രീ കെ.എം.ജോർജ്ജ്

6. ശ്രീ ജയൻ റ്റി.ജെ

7. ശ്രീ മോൺസൺ ഐസക്

8. ശ്രീ ലിജോ സാം വർഗ്ഗീസ്

9. ശ്രീ പ്രകാശ് കുമാർ

10. സദാനന്ദൻ പി.കെ

11. ശ്രീ സനിൽ കുമാർ എം.എൽ

12. ശ്രീ ജോൺ സി. തോമസ്

13. ശ്രീ സുനിൽ എം.ജി

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

4.2022-23സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന

ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | ബെസ്റ്റ് ഓട്ടോ എക്സ്പേർട്സ്, കവിയൂർ | 8 |
| 2 | ഗ്രാവിളയിൽ ഹോളോബ്രിക്സ്, | 10 |
| 3 | ടി.എം.ഏജൻസീസ്, തോട്ടഭാഗം | 5 |
| 4 | വി ടെക് അലൂമിനിയം, കവിയൂർ | 4 |
| 5 | ഡി.എസ്.എസ്.സൂപ്പർമാർക്കറ്റ് | 3 |
| 6 | ഡിസൈൻ ടെക് , കവിയൂർ | 5 |
| 7 | മൈക്രോലാബ് ലബോറട്ടറി, തോട്ടഭാഗം | 3 |
| 8 | സ്റ്റോപ്പ് & ടേസ്റ്റ് ബേക്കേഴ്സ് | 8 |
| 9 | സെന്റ്. സ്റ്റീഫൻ ഹോസ്പ്രിറ്റൽ, മുണ്ടിയപ്പള്ളി | 5 |
| 10 | കെൻസ് ഡെന്റൽ കെയർ, തോട്ടഭാഗം | 2 |
| 11 | അൾട്രാടെക് സിമെന്റ്സ്, കവിയൂർ | 4 |
| 12 | മുരിങ്ങൂർ തോട്ടത്തിൽ സിമന്റ്സ്. , കവിയൂർ | 4 |

5.സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാതിരിക്കുന്നത് പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് പിരിവ്- അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 261 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 14 വാർഡുകളിലായി 784 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ളത്.

2022-23 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റ് വർഷം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | കോട്ടൂർ ക്ഷീരോല്പാദക സഹകരണ സംഘം |
| 2 | ജെ.ജെ.കൺസൾട്ടന്റ്സ് & ഡെവലപ്പേഴ്സ് തോട്ടഭാഗം |

| | |
|---|---|
| 3 | ഗൾഫ് ഇലക്ട്രോണിക്സ്, കവിയൂർ |
| 4 | മിനി മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, തോട്ടഭാഗം |
| 5 | അക്ഷയ സെന്റർ |
| 6 | ലില്ലി ഫിനാൻസിയേഴ്സ്, കവിയൂർ |

2. റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒരു റേഷൻഷോപ്പിൽ നിന്ന് (2/94) മാത്രമാണ് ലൈസൻസ് ഫീസ്, ഈടാക്കിയിട്ടുള്ളത്. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. ഇല്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1 മോഡേൺ ബ്രിക്സ്, കവിയൂർ

2 പ്ലൈവുഡ്& സോങ്ങ് ഇൻസ്ട്രുമെന്റ്സ്, കവിയൂർ

3.പാണ്ഡ്യൻ ടയർ ബിസിനസ്സ്, കവിയൂർ

4. ചിന്നാസ് ആക്രി ഷോപ്പ് , തോട്ടഭാഗം

5. മുരുകൻ ആക്രി ഷോപ്പ് , തോട്ടഭാഗം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 232(1), 233(4) എ-സി എന്നിവയിലെ നിയമങ്ങൾക്ക് അനുസൃതമായി ആവശ്യമായഎല്ലാ രേഖകളും സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

4. 2022-23 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം ഉടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത ഉടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ലേലം നടക്കാത്തതിനാൽ വരുമാനം ലഭിക്കുന്നില്ല

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപ്പഞ്ചായത്തിൽ ലേലം നടക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് വക തോട്ടഭാഗം ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞു കിടക്കുന്ന 177, 179 എന്നീ നമ്പർ കടമുറികൾ

2. റാന്നി അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും 21.06.22 ൽ വാല്യുവേഷൻ തുക നിശ്ചയിച്ചിട്ടുള്ള മരം .

3. പഞ്ചായത്തു വക കുട്ടികളുടെ പാർക്ക്

4. കുട്ടികളുടെ പാർക്കിനു സമീപമുള്ള റബ്ബർ, തെങ്ങ് ഇവയിൽ നിന്നുള്ള ആദായം

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/16.09.2023) ലഭ്യമാക്കിയ മറുപടിയിൽ ലേലവും പുനർ ലേലങ്ങളും നടത്തിയിട്ടും ആരും ലേലം കൊണ്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി.

ലേലം, പുനർ ലേലം നടപടികൾ സ്വീകരിച്ചിട്ടും ആരും ലേലം കൊള്ളാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നടപടി ക്ഷണിച്ച് അവകാശം നൽകി പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കുന്നതിലേക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വൻതുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. കുടിശ്ശികയിനത്തിൽ ഗണ്യമായ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | ഉടമയുടെ പേര് , വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 13/141A | ടെസ്സി അജി, ആറ്റുംകൽ ആർക്കേഡ് | 68640 |
| 2 | 11/76/B | ജോൺ കിണറ്റുകര, | 72460 |
| 3 | 12/185 | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 175500 |
| 4 | 12/185 A | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 47430 |
| 5 | 12/186 | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 6 | 12/186 A | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 7 | 12/186 B | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 8 | 12/186 C | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 9 | 12/186 D | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 10 | 12/186 E | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 11 | 12/186 F | സബ് ഗ്രൂപ്പ് ഓഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 9360 |
| 12 | 13/141B | ടെസ്സി അജി, ആറ്റുംകൽ ആർക്കേഡ് | 46676 |
| 13 | 11/135/ | രാധാമണിയമ്മ | 4976 |
| 14 | 14/127/A | ബി.എസ്.എൻ.എൽ ടെലികോം സിവിൽ സബ് ഡിവിഷൻ | 4680 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (17/16.09.2023) നല്കിയിരുന്നു. ഇതിന് മറുപടിയായി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും മരണപ്പെട്ടവരെയും, അനർഹരെയും സമയബന്ധിതമായി ഒഴിവാക്കുന്നില്ല

മരണപ്പെട്ടവരുടെയും, പുനർവിവാഹം കഴിച്ചവരുടെയും പേരുകൾ യഥാസമയം സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. മരണപ്പെട്ടതിനാൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരും പുനർവിവാഹിതരായിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുമായ പേർ നിലവിൽ ആക്ടീവ് പെൻഷന് അർഹരായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഇനം | പെൻഷൻ ഐ ഡി | പെൻഷണറുടെ പേര് | റിമാർക്സ് | അക്കൗണ്ട് മോഡ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****200206 | മറിയാമ്മ വർഗീസ് | Deceased | ഡയറക്റ്റ് ഹോം |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****200789 | കുഞ്ഞമ്മ ടി.എൻ | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 3 | കർഷക തൊഴിലാളി പെൻഷൻ | *****100427 | തങ്കമ്മ | Deceased | ഡയറക്റ്റ് ഹോം |
| 4 | കർഷക തൊഴിലാളി പെൻഷൻ | *****100370 | കുമാരൻ കുട്ടി | Deceased | ഡയറക്റ്റ് ഹോം |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****200729 | ദീനാമ്മ ജോൺ | Deceased | ഡയറക്റ്റ് ഹോം |
| 6 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****201124 | വി.പി.ഗോപിനാഥ പിള്ള | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. | ഡയറക്റ്റ് ഹോം |
| 7 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 103730200748 | അംബുജാക്ഷി പി.കെ | No Such Account | ബാങ്ക് |
| 8 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****200807 | പൊന്നമ്മ എം.എൻ | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 9 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****200619 | മറിയാമ്മ നൈനാൻ | Deceased | ഡയറക്റ്റ് ഹോം |
| 10 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****201103 | പി.സി.വർഗീസ് | Deceased | ഡയറക്റ്റ് ഹോം |
| 11 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****201784 | ചന്ദ്രിക രാമചന്ദ്രൻ | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 12 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****400093 | റെനി വർഗീസ് | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 13 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****500025 | കാർത്യായനി | സർക്കുലർ 12/2023/ധന പ്രകാരം തടഞ്ഞുവയ്ക്കുന്നു . | ബാങ്ക് |
| 14 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****600567 | ലതാ മണി | പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല | ബാങ്ക് |
| 15 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****600334 | ലീലാമ്മ ഫിലിപ്പ് | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 16 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****600279 | കെ.ശാന്തമ്മ | അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് | ബാങ്ക് |
| 17 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | *****600602 | ആലീസ് രാജു | സർക്കുലർ 12/2023/ധന പ്രകാരം തടഞ്ഞുവയ്ക്കുന്നു | ബാങ്ക് |

മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, DBT-ൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് കാരണങ്ങളാലും ഇവരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞുവെക്കുന്നുണ്ടെങ്കിലും ഈ തുക സർക്കാരിലേക്ക്/പെൻഷൻ ഫണ്ടിലേക്ക് യഥാസമയം തിരികെ അടവാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. ഇവർ ഡാറ്റാബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതിനാൽ ഇവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുകയും ഓരോ തവണയും സർക്കാർ ഖജനാവിൽനിന്നും ബാങ്കുകൾക്ക് അനുവദിച്ചുവരുന്നു. സഹകരണ ബാങ്കുകൾ മുഖാന്തിരം പെൻഷൻ കൈപ്പറ്റുന്നവരുടെ തുക ഇപ്രകാരം തിരിച്ചടച്ചാലും പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റുമാർക്കുള്ള കമ്മീഷൻ തിരിച്ചടക്കേണ്ടതില്ല. ഈ ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്.

മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും

സമയബന്ധിതമായി ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഉത്തരവാദിത്തമുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതാണ്. ബിൽ ഡിസ്ക്രപ്പൻസി റിപ്പോർട്ട് പരിശോധിച്ച് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം-പഞ്ചായത്ത് ഫണ്ട് പാഴാകുന്നു

ഗ്രാമപഞ്ചായത്തിൽ 175 പൊതു ടാപ്പുകളാണുള്ളത്.വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ഡിമാന്റ് തുക 84,408 രൂപയാണെങ്കിലും വെള്ളക്കരമിനത്തിൽ 2022 ഏപ്രിൽ മാസം മുതൽ 72,625 രൂപയാണ് മാസം തോറും പഞ്ചായത്ത് അടവാക്കിയത്.

2023 ഫെബ്രുവരി മാസം വരെ പ്രതിമാസം 84408 രൂപയായിരുന്ന ഡിമാന്റ് തുക 2023 മാർച്ച് മുതൽ 212319 രൂപയായി ഉയർന്നു. വെള്ളക്കരത്തിലുണ്ടായ ക്രമാതീതമായ വർദ്ധന കാരണം പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. നിലവിൽ 175 ടാപ്പുകളുള്ളതിൽ 25 ടാപ്പുകളൊഴികെ ബാക്കിയുള്ളവയെല്ലാം ഉപയോഗരഹിതമായതോ നിലവിലില്ലാത്തവയോ ആണ്. ഉപയോഗരഹിതമായ ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഭീമമായ തുകയാണ് പഞ്ചായത്ത് മാസം തോറും വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുള്ളത്. വാർഡുകളിൽ പരിശോധന നടത്തി പ്രവർത്തനരഹിതമായ എല്ലാ ടാപ്പുകളും വിച്ഛേദിച്ച ശേഷമുള്ള കൃത്യമായ കണക്കെടുത്ത് പ്രസ്തുത തുക അടവാക്കാൻ തീരുമാനിച്ചിട്ടുള്ളതാണെന്നും ആയതിനാൽ സംയുക്ത പരിശോധന പൂർത്തിയാക്കി ബിൽ പുന ക്രമീകരിച്ച് നൽകണമെന്നും 14.03,.2023 ൽ പഞ്ചായത്തിൽ നിന്നും തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചീനീയർക്ക് കത്ത് നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും സംയുക്ത പരിശോധന നടത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2023ലെ (1) നമ്പർ തീരുമാന പ്രകാരം നിലവിൽ ഉപയോഗിക്കുന്ന പൊതു ടാപ്പുകളിൽ 25 എണ്ണം നിലനിർത്തി ബാക്കിയുള്ളവയുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് 20.06.2023 ൽ വീണ്ടും കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗരഹിതമായ 150 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതാണെന്നും എസ്റ്റിമേറ്റ് തുകയായ 223900 *-രൂപ എക്സിക്യൂട്ടീവ് എഞ്ചീനീയർ പി.എച്ച് ഡിവിഷൻ, തിരുവല്ലയുടെ AC* NO.3922000110130637 PUNJAB NATIONAL BANK ലേക്ക് ഒടുക്കുന്ന മുറയ്ക്ക് ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തി ചെയ്യുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചു.

30.06.2023 ലെ ഭരണസമിതിയുടെ തീരുമാനം നം. 2/1 പ്രകാരം തുക ഒടുക്കു വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും 09.08.2023 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ , കവിയൂർ ബാങ്കിന്റെ 26.07.2023 തീയതിയിലെ 097524 നം ചെക്ക് പ്രകാരം (നെഫ്റ്റ് ) തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. 2023 ആഗസ്റ്റ് മാസത്തിലെ ബിൽ പ്രകാരവും 175 ടാപ്പുകളുടെ വെള്ളക്കരമായി 72625 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള ഫീസ് അടവാക്കിയ സാഹചര്യത്തിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കുമാത്രം കരം ഒടുക്കുന്നതിനുമുള്ള കർശന നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ലൈവ് സ്റ്റോക്ക് വിതരണം , സബ്സിഡി നൽകൽ - രേഖകൾ ലഭ്യമാക്കുന്നതിലും സൂക്ഷിക്കുന്നതിലും സുതാര്യത കുറവ്

വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്റ്റുകളിൽ സുതാര്യതയുമായി ബന്ധപ്പെട്ട് ചില അപാകതകൾ ശ്രദ്ധയിൽ പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 53/22-23 കറവപശു വളർത്തൽ (എസ്.സി.പി ) വികസനഫണ്ട് 315000 ആകെ 315000

പ്രോജക്റ്റിൽ 7 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സബ്സിഡി ധനസഹായ മാർഗ രേഖപ്രകാരം വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അധ്യക്ഷനായ അഞ്ചംഗ പർച്ചേസ് കമ്മറ്റി രൂപീകരിച്ച് , കമ്മറ്റിയുടെ നിർദേശമനുസരിച്ച് വാങ്ങലുകൾ നടത്തണം. ഗുണഭോക്താക്കൾ നേരിട്ടു ഉരുക്കളെ വാങ്ങുന്നത് അനുവദനീയമല്ലാത്തതും, ആരുടെ പക്കൽ നിന്നും ഉരുക്കളെ വാങ്ങിയോ അവരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകേണ്ടതുമാണ്. എന്നാൽ പ്രാദേശിക സാമ്പത്തിക വികസനം, സ്വയംതൊഴിൽ എന്ന ഗണത്തിലൊന്നും ഉൾപ്പെടുത്താത്ത ടി പദ്ധതി ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ച ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി ധനസഹായം അനുവദിക്കുന്ന വായ്പാ ബന്ധിത പ്രോജക്റ്റായാണ് വിഭാവനം ചെയ്തത്.

വായ്പ തുക ഗുണഭോക്താവിന്റെയോ (ലോൺ അക്കൗണ്ട്) വില്പന നടത്തിയ ആളുടെയൊ അക്കൗണ്ടിലേക്ക് ബാങ്കിൽ നിന്ന് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതും, ഇങ്ങനെ വായ്പ തുക ട്രാൻസ്ഫർ ചെയ്ത രേഖകൾ ലഭ്യമാക്കാതെ സബ്സിഡി തുക സഹകരണ ബാങ്കുകളുടെ തനത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. കറവപശു വിൽപന നടത്തിയവരുടെ തിരിച്ചറിയൽ രേഖകളും, അക്കൗണ്ട് വിവരങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. പേരും ഒപ്പും രേഖപ്പെടുത്തിയ വിലച്ചീട്ടിൽ നിന്നും മാത്രമാണ് ടി വ്യക്തികളുടെ പേര് വ്യക്തമാകുന്നത്. മറ്റ് വിശദാംശങ്ങൾ ചുവടെചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | കറവപശുവിനെ വിൽപന നടത്തിയ വ്യക്തി | സബ്സിഡി തുക | സബ്സിഡി തുക ലഭിച്ച ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|---|---|
| മിനി എൽ, കാശാവുങ്കൽ മേപ്രത്ത് | മേരി ബാബു , പുളിയ്ക്കൽ വീട് | 45000 | കവിയൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് A 707 | 10290200011109 |
| ഭാസുര കൃഷ്ണൻ വാല്യപറമ്പിൽ | അനിയൻ കുഞ്ഞ്തകിടിയിൽ | 45000 | ,, | ,, |
| അമ്മിണി ഗോപി തുരുത്തുമല | CR ഷാജി, ചാമയ്ക്കമലയിൽ | 45000 | മുണ്ടിയപ്പള്ളി SCB | 626901006384 |
| അശ്വതി റ്റി തങ്കപ്പൻ പൈനംകാട്ടിൽ കവിയൂർ | അരുൺ തുമ്പയിൽ | 45000 | കവിയൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് A 707 | 10290200011109 |
| മായാമോൾ മഠത്തികാലായിൽ | മനീഷ് | 45000 | ,, | ,, |
| അനിത കെ.ആർ, കൊച്ചുകുന്നകാട്ടിൽ | അനിൽകുമാർ | 45000 | ,, | ,, |
| ചെല്ലമ്മ ,ഇടനാട്ടു കടവിൽ | ലിസി സുരേഷ് | 45000 | ,, | ,, |

2) ചുവടെ പറയുന്ന പദ്ധതികളിലെ ലൈവ് സ്റ്റോക്ക്സ് വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് വാർഡ് തലത്തിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. പകരം അപേക്ഷയോടോപ്പമുള്ള രസീതിൽ കൈപ്പറ്റ് വിവരം രേഖപ്പെടുത്തുന്ന (ഒപ്പ് ) രീതിയാണ് അവലംബിച്ചിരിക്കുന്നത്.

| പ്രോജക്ട് | ഫണ്ട് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 150/22-23<br>പോത്തുകുട്ടി വിതരണം<br>(ജനറൽ ) | വികസനഫണ്ട് - 375000<br>ഗുണഭോക്തൃവിഹിതം-375000<br>ആകെ - 750000 | 50 |
| 55/22-23<br>പോത്തുകുട്ടി വളർത്തൽ<br>( എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി) - 393750<br>ഗുണഭോക്തൃവിഹിതം - 131250<br>ആകെ- 525000 | 35 |

| | | |
|---|---|---|
| 50/22-23<br>മുട്ടക്കോഴി വളർത്തൽ (എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി) 152400 | 127 |

പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിന് വിതരണ സമയത്ത് ഗുണഭോക്താക്കളുടെ ഒപ്പ് വിതരണ രജിസ്റ്ററിൽ കൃത്യമായി ശേഖരിച്ച് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസറുടെ പദ്ധതികളിൽ ക്രമവിരുദ്ധമായി തുക ട്രാൻസ്ഫർ ചെയ്തു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ബില്ലുകളിൽ ചില തുകകൾ HMC ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടു. HMC ഫണ്ടിൽ നിന്നും ടി തുകകൾ അതിനു മുൻപ് തന്നെ ഗുണഭോക്താവിന് നൽകിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു (ചെക്ക് നമ്പർ, പണമിടപാട് നടന്ന തീയതി) നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 – 15/09/23) നൽകിയ മറുപടിയിൽ നിന്നും പല തുകയും HMC ഫണ്ടിലേക്ക് ലഭ്യമാക്കിയ ശേഷം, പിന്നീട് ടി ഫണ്ടിൽ നിന്നും വിനിയോഗിച്ചതായാണ് വ്യക്തമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നം., തീയതി തുക | എച്ച്.എം.സി ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക., ചെലവിനം | HMC ഫണ്ടിൽ നിന്നും ടി തുക പിൻവലിച്ചതിന്റെ വിവരം |
|---|---|---|---|
| പാലിയേറ്റീവ് കെയർ | 14163/31.01.23 തുക 51570 രൂപ | 10000<br>ഫുഡ്, റിഫ്രഷ്മെന്റ് | 965729/10.03.2023 (10000) |
| പാലിയേറ്റീവ് കെയർ | 88760/ 27.03.23 13000 രൂപ | 13000<br>JP സൈൻടെക് ന്റെ 03/03/23 ലെ ക്യാഷ് ബില്ല് | 965741 /30.03.23 (13000 രൂപ) |
| റീ-ഏജന്റ് വാങ്ങൽ | 88176/05.08.22 28647 രൂപ | 28647<br>റീ ഏജന്റ്സ് | 967509/05.08.23 (11760)<br>965700/04.05.23 (16887) |
| പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ) | 201210/15.06.22 67230 രൂപ | 34224<br>നഴ്സ് സാലറി, വെഹിക്കിൾ റെന്റ് ,സ്റ്റേഷനറി | 965898/04.05.23(18030)<br>965700/04.05.23(16000) |

സർക്കാർ ഉത്തരവ് നം. 147/2017/ധന തീ.16.11.17 പ്രകാരം ബിൽ തുക യഥാർത്ഥ ബെനിഫിഷ്യറിയ്ക്കാണ് ട്രാൻസ്ഫർ ചെയ്യേണ്ടത്. ആയത് ഉറപ്പാക്കി ഡി.ഡി.ഒ ബില്ലിൽ സർട്ടിഫൈ ചെയ്യേണ്ടതുമാണ്. HMC യിൽ നിന്ന് തുക ചെലവഴിക്കുന്നതിനു മുൻപ് ടി അക്കൗണ്ടിലേക്ക് പദ്ധതി തുക ട്രാൻസ്ഫർ ചെയ്ത് പിന്നീട് ധനവിനിയോഗം നടത്തുന്നത് ക്രമ വിരുദ്ധമാണ്. അപാകത ആവർത്തിക്കാതെയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെടുത്തിയത്-59.37 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഫണ്ട് | ചെലവ് | ഫണ്ട് | ചെലവ് |
|---|---|---|---|---|

| | ലഭിച്ചത് | | ലാപ്സായത് | ശതമാനം |
|---|---|---|---|---|
| റോഡ് | 7404000 | 2907802 | 4496198 | 39 |
| റോഡിതരം | 4570000 | 3128862 | 1441138 | 68 |
| ആകെ | 11974000 | 6036664 | 5937336 | 50 |

ഓഡിറ്റ് വർഷം റോഡ്, റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗം 50% മാത്രമാണ്. പദ്ധതി ചെലവ് 80%-ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം സ്പിൽ ഓവർ പദ്ധതികൾക്കുള്ള തുക തുടർന്നുള്ള വർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് നടപ്പ് വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും. ലഭ്യമായ റോഡ്, റോഡിതര സംരക്ഷണ ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തദ്വാര ലഭ്യമായ ഫണ്ട് നഷ്ടപ്പെടുന്നതിനുള്ള സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതു വരെ വീട് പണി പൂർത്തിയാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | രാധാമണി, തെക്കേതിൽ | 7 | 40,000 | നിർമ്മാണം അരംഭിച്ചിട്ടില്ല |
| 2 | സാലി സോമൻ, ഔങ്ങാട്ടികളത്തിൽ | 10 | 40,000 | ,, |
| 3 | വാസുക്കുട്ടൻ, കട്ടുവിളാംപാറ | 6 | 40,000 | നിർമ്മാണം ആരംഭിച്ചു |
| 4 | രാജിമോൾ, നാഴിപ്പാറവടക്കേതിൽ | 5 | 40,000 | നിർമ്മാണം അരംഭിച്ചിട്ടില്ല |
| 5 | കെ.സി.ദാമോദരൻ, കാഞ്ഞിരംകുന്നിൽ | 6 | 3,00,000 | ഭിത്തി നിരപ്പ് |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/15.09.23) 3 ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും ബാക്കി 2 പേർ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വിവിധ മുൻകൂറുകൾ - 60.95 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരം മുൻകൂർ നൽകിയ 60.95 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Temporary Advance For Official Purpose | 3,10,620 |
| Other Advance | 2,55,573 |
| Advance To Implementing Officers | 6,47,154 |

| | |
|---|---|
| Advance To KWA | 19,45,000 |
| Advance To KSEB | 12,83,700 |
| Advance To NREGA | 16,53,572 |
| Total | 60,95,819 |

തൊഴിലുറപ്പ് പദ്ധതി കണക്ക് പ്രകാരം, തൊഴിലുറപ്പിന് നൽകിയ മുൻകൂറിൽ 12,44,030 രൂപയാണ് ക്രമീകരിക്കാൻ അവശേഷിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 16,53,572 രൂപ തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/19-09-2023) മുൻവർഷങ്ങളിലെ രേഖകൾ പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂറുകൾ ക്രമീകരിക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ബാലസഭ പ്രവർത്തനം- അധികം തുക ചെലവഴിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം ബാലസഭ അനുബന്ധ ചെലവുകൾക്കായി 27,150 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട്- രൂ.5530<br>തനത് ഫണ്ട്- രൂ. 21620 |
| ബിൽ വിവരങ്ങൾ | 2205xxxxxxxxxx52257/07-02-2023<br>Cheque No. 10207 /10-02-2023 |
| പ്രോജക്റ്റ് നം. | എസ് 0137/23 |

കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ, സ.ഉ(കൈ)നം. 115/2022/സസ്വഭവ, തീയതി 28-05-2022 പ്രകാരം (7.7.10) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപ ചെലഴിവാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കവിയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകളാണ് ഉള്ളത്. അപ്രകാരം പരാമവധി ചെലവഴിക്കാവുന്ന തുക 14000 രൂപ മാത്രമാണ്. ബാലസഭ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഒരെണ്ണം മാത്രമായാണ് നടപ്പാക്കിയത്. എല്ലാ വാർഡുകളിലും നടത്തിയതായി റിപ്പോർട്ട് ഇല്ല. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/15-09-2023) ലഭ്യമാക്കിയ മറുപടിയിൽ, വികസന ഫണ്ടിൽ നിന്നും 5530 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി തുക ഭരണസമിതി തീരുമാന പ്രകാരം തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളതെന്നും അറിയിച്ചു. കൂടാതെ മാർഗ്ഗരേഖയിൽ വാർഡ് ഒന്നിന് 1000 രൂപ ചെലഴിക്കണം എന്ന് പറയുന്നുണ്ടെങ്കിലും പരാമവധി തുക 1000 രൂപ എന്ന് നിജപ്പെടുത്തിയിട്ടില്ലെന്നും അറിയിച്ചു.

വാർഷിക പദ്ധതികൾ പ്രകാരം പ്രോജക്ടുകൾ എറ്റെടുക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും നിർബന്ധമായും പാലിച്ചിരിക്കണം. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്ത 13,150 രൂപ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കാൽ കോടിയിലധികം രൂപ ജല അതോറിറ്റിയിൽ നിക്ഷേപിച്ചു - കുടിവെള്ള പദ്ധതിയ്ക്ക് ആരംഭം കുറിച്ചില്ല.

ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം മത്തിമല - കട്ടുകളാം പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് വിഹിതവും, ധനകാര്യകമ്മിഷൻ ഗ്രാന്റും ചേർത്ത് 2651150 (ഇരുപത്താറു ലക്ഷത്തി അമ്പത്തൊന്നായിരത്തി ഒരുനൂറ്റി അൻപത്) രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. വിശദാംശങ്ങൾ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 37 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 2021-22 ൽ മുൻകൂറായി 10ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തതായി കണ്ടു. ടി തുക ക്രമീകരിച്ചതായുള്ള രേഖകൾ ലഭ്യമാക്കാതെ തന്നെ 2022-23 ൽ 2651150 രൂപ വീണ്ടും ഡെപ്പോസിറ്റ് ചെയ്തതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.7/22-23) കേരള ജല അതോറിറ്റിയിൽ നിന്നുള്ള കത്ത് ലഭ്യമാക്കി. 23.03.22 ലെ ഡി.ബി.3 /9310/2022 നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തുക പൂർണമായും ഒടുക്കിയാൽ മാത്രമേ പ്രവൃത്തി ഏറ്റെടുക്കുകയുള്ളുവെന്ന് ജല അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതിനാൽ തുടർവർഷം ബാക്കി തുക ഒടുക്കി 48850 രൂപ തനതു ഫണ്ടിൽ നിന്ന് ഒടുക്കുന്നതിന് തീരുമാനമെടുത്തിരുന്നെങ്കിലും ഒടുക്കിയതായി കാണുന്നില്ല. ജല അതോറിറ്റിയുമായി കരാർ ചമയ്ക്കാതെയാണ് മുൻകൂർ തുകയും ബാക്കി തുകയും ഒടുക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഹാജരാക്കിയ എസ്റ്റിമേറ്റാകട്ടെ ചുരുക്കം വിവരങ്ങൾ (Abstract)മാത്രം ഉൾക്കൊള്ളിച്ചതാണ്. ടി അടങ്കൽ തുക മുഴുവനും 2022-23 ൽ ഒടുക്കി ജല അതോറിറ്റിയെ ആയത് ബോധ്യപ്പെടുത്തി കരാർ വച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് സാധിച്ചില്ല. ജനറൽ കമ്മറ്റി ചർച്ചകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും കവിയൂർ ഗ്രാമപഞ്ചായത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തായതിനാൽ ആയത് പരിഹരിക്കുന്നതിന് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്ന ആവശ്യത്തിന് ജനകീയ സമിതി , കവിയൂർ ഗ്രാമ പഞ്ചായത്തിലെ 6 – ആം വാർഡിലെ മത്തിമലയിൽ 7 സെൻറ് സ്ഥലം വാങ്ങി പഞ്ചായത്തിന് നൽകിയിട്ടുള്ളതായും ടി സ്ഥലം കേരളാ വാട്ടർ അതോറിറ്റിക്ക് പഞ്ചായത്തിൻറെ ആവശ്യത്തിന് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് കൈമാറുവാൻ തീരുമാനിച്ചതായും കണ്ടു. ഏതെങ്കിലും കാരണത്താൽ പദ്ധതി നടപ്പാകാതെ വന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം തിരികെ വാങ്ങുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ ഈ പഞ്ചായത്തിലെ ഇലവിനാൽ മലയിലുള്ള 3 ലക്ഷംലിറ്റർ ശേഷിയുള്ള ഒരു സംഭരണിയിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. രണ്ടാമത്തേത് കുന്നന്താനം പഞ്ചായത്തിനായി ഉപയോഗിക്കുന്നു. ഇതിൽ ഒന്ന് പ്രവർത്തന രഹിതമാണ്. ഒരു ടാങ്കിൽ നിന്നുമാണ് നിലവിൽ രണ്ടു പഞ്ചായത്തുകൾക്കും വെള്ളം എത്തിക്കുന്നത്. ഈ രണ്ടു പഞ്ചായത്തുകളിലെ ഏതാണ്ട് 20000-ത്തോളം വരുന്ന ജനങ്ങൾക്ക് കേരളാ വാട്ടർ അതോറിറ്റിയുടെ പ്രതിദിന ആളോഹരി ഉപഭോഗം (100 LP(1) ഗ്രാമീണ മേഖല) കണക്കാക്കിയാൽ ഏതാണ്ട് 6 ലക്ഷത്തിൽപരം ശേഷിയുള്ള ഉന്നതതല സംഭരണിയുടെ കൂടി ആവശ്യകത ഉള്ളതുകൊണ്ടാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. 2022-23 സ്ഥലം വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയതായി മറ്റ് രേഖകളിൽ നിന്നും വ്യക്തമാണ്. ബൃഹത്തായ ഒരു പദ്ധതിയായിരുന്നിട്ടും ഇത്തരം സാഹചര്യങ്ങളിലൊന്നും വാട്ടർ അതോറിറ്റിയുമായി കരാർ വച്ചതായി കാണുന്നില്ല. തുക ഡെപ്പോസിറ്റ് ചെയ്ത വർഷം തന്നെ പ്രവർത്തികൾ പൂർത്തിയാക്കണമെന്ന സർക്കാർ നിർദേശം പാലിക്കാതെ മൂന്നാം വർഷം (2023-24) എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി അറിയിച്ചതിൻ പ്രകാരം ധനകാര്യകമ്മിഷൻ ഗ്രാന്റ് വകയിരുത്തി 748850 രൂപ കൂടി വാട്ടർ അതോറിറ്റിയ്ക്ക് വീണ്ടും ഒടുക്കു വരുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി ഒടുക്കു വരുത്തിയിട്ടും കുടിവെള്ളക്ഷാമത്തിന് പരിഹാരം ലഭിക്കുന്നതിന് കാലതാമസം നേരിടേണ്ടി വരുന്നത് അഭികാമ്യമല്ല. പദ്ധതി പൂർത്തീകരിക്കുന്നതിന് ഊർജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 അതി ദരിദ്രർക്കുള്ള ഭക്ഷണ വിതരണം - പ്രോജക്ട് നടപ്പാക്കിയത് ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്ത പ്രകാരമല്ല

അതി ദരിദ്രർക്കുള്ള മൈക്രോപ്ലാൻ പ്രകാരം വിവിധ സേവനങ്ങൾ ആവശ്യമുള്ള 52 അതിദരിദ്രരെ കണ്ടെത്തുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷണം സ്വന്തമായി കണ്ടെത്താൻ കഴിയാത്ത 3 ഗുണഭോക്താക്കൾക്കായി ഉടൻ നടപ്പാക്കാവുന്ന സർവീസ് പദ്ധതികളിൽ ഉൾപ്പെടുത്തി അവർക്ക് ഒരുവർഷം ദിവസവും മൂന്ന് നേരം ജനകീയ ഹോട്ടലിൽ നിന്ന് പാകം ചെയ്ത ഭക്ഷണം ഉറപ്പാക്കുന്നു എന്നാണ് പ്ലാൻ ചെയ്തിരുന്നത്. ആയതിനായി ഒരാൾക്ക് 54750 രൂപ വീതം ആകെ 164250 രൂപ വകയിരുത്തുന്നതിനും പ്ലാൻ വിഭാവനം ചെയ്തു. സെക്രട്ടറിയുടെ നിർവഹണത്തിൽ തനതു ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക 6404 രൂപ മാത്രം . ജനുവരി , ഫെബ്രുവരി മാസങ്ങളിൽ ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയതിനാണ് ടി തുക ചെലവഴിച്ചത്. വിതരണ

രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ ഭക്ഷണസാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് കരുതാൻ കഴിയാത്ത വിധം അപൂർണമാണ് വിവരങ്ങൾ . ദാരിദ്ര്യത്തിന്റെ അടിസ്ഥാനപരമായ ഘടകമാണ് ഭക്ഷണത്തിന്റെ അപര്യാപ്തത. അങ്ങനെയുള്ള വ്യക്തികൾ കുറവാണ് എന്നുള്ളത് അതിദാരിദ്ര്യ നിർമാർജനം കർമ പദ്ധതി ലക്ഷ്യം കാണുന്നതിന് എളുപ്പമുള്ളതാക്കും. എന്നാൽ വ്യക്തികളുടെ എണ്ണം കുറവായിരുന്നിട്ടും ഭക്ഷണവിതരണ പദ്ധതി ഉദാസീനമായാണ് നടപ്പാക്കിയതെന്ന് കാണുന്നു. വരും വർഷങ്ങളിൽ ആയത് പരിഹരിക്കപ്പെടുന്നതിനുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബാലസഭ പ്രവർത്തനം- അധികം തുക ചെലവഴിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം ബാലസഭ അനുബന്ധ ചെലവുകൾക്കായി 27,150 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയത് വഴി 13,150 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-25 കാണുക.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 268600 | നെൽകൃഷി വികസനം (എസ്.0076/23) | 268600 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 1000000 | നെൽകൃഷി വികസനം (എസ്.0076/23) | 1000000 | ,, |
| ,, | 200000 | പാലിയേറ്റീവ കെയർ (എസ്.0014/23) | 200000 | ,, |
| ,, | 49830 | ചികിത്സാ സഹായ പദ്ധതി -മൈക്രോപ്ലാൻ (എസ്.0157/23) | 49830 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 320000 | ലൈഫ് ഭവന പദ്ധതി (എസ്.0054/23) | 320000 | ,, |
| ജില്ലാ പഞ്ചായത്ത് | 260000 | ലൈഫ് ഭവന പദ്ധതി (എസ്.0054/23) | 260000 | ,, |
| ,, | 1260000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി. (എസ്.0063/23) | 1260000 | ,, |

| | | | | |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 360000 | ലൈഫ് ഭവന പദ്ധതി (എസ്.0029/23) | 360000 | ,, |
| ,, | 196800 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും (എസ്.0029/23) | 196800 | ,, |
| ,, | 50000 | അനുപൂരക പോഷാകാഹാര പദ്ധതി (എസ്.0029/23) | 50000 | ,, |
| ജില്ലാ പഞ്ചായത്ത് | 500000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും (എസ്.0029/23) | 500000 | ,, |
| ,, | 274613 | അനുപൂരക പോഷാകാഹാര പദ്ധതി (എസ്.0029/23) | 274613 | ,, |
| ,, | 1500000 | മത്തിമല കട്ടകുളാം പാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ (എസ്.0112/23) | 1500000 | ,, |
| മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് | 56820 | പാലിന് സബ്സിഡി (എസ്.0131/23) | 56820 | ,, |
| ജില്ലാ പഞ്ചായത്ത് | 209180 | പാലിന് സബ്സിഡി (എസ്.0131/23) | 209180 | ,, |
| ,, | 230000 | അഗതി രഹിത കേരളം -ആശ്രയപദ്ധതി (എസ്.0133/23) | 230000 | ,, |
| ആകെ | 6735843 | | 6735843 | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

2022-23 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിരിക്കും പ്രകാരം നിർവഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ട് നം., പേര് | വൗച്ചർ നം. / ചെക്ക് നം. | നിക്ഷേപ തുക | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 112/22-23 മത്തിമല -കട്ടകളാംപാറപൈപ്പ് ലൈൻ സ്ഥാപിക്കൽ | 97492/18.03.23 | 2651150 | 0 | 2651150 |
| കെ.എസ്.ഇ.ബി | 167/2022-23 | 12201/06.01.23 | 29500 | 0 | 29500 |

| | | | | | |
|---|---|---|---|---|---|
| | അയ്യനാകുഴി - ഇഞ്ചത്തടി കോളനികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | | | | |
| കെ.എസ്.ഇ.ബി | ഐരാർപാടം പോസ്റ്റ് സ്ഥാപിക്കൽ | | 29399 | 0 | 29399 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്ത് എടുത്ത വയ്പയുടെയും തിരിച്ചടവിന്റെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 69,99,043 | 50,60,000 | 1,20,59,043 | 11,34,290 | -- | 1,09,24,753 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2022-23 വർഷം ചുവടെ ചേർത്ത വിധം തുക ലഭിച്ചിട്ടുണ്ട്.

| രസീത് നം., | തുക (₹ ) | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക ഒടുക്കിയ ആളുടെ പേര്,ഉദ്യോഗപ്പേര് |
|---|---|---|---|---|
| 1220100109/20.04.22 | 16548 | 2020-21 | 1-23 | ശ്രീ. ഷിഹാബുദ്ദീൻ, അസി.എൻജിനീയർ |
| 1220100110 /20.04.22 | 3339 | ,, | 1-23 | ,, |
| 1220100111/20.04.22 | 2677 | ,, | 1-23 | ,, |
| 1220100161/25.04.22 | 864 | ,, | 1-23 | ,, |
| 1220100168/25.04.22 | 2677 | ,, | 1-22 | ,, |
| 1220100766/15.07.22 | 3379 | ,, | 1-23 | ,, |
| 1220100768/15.07.22 | 5516 | ,, | 1-23 | ,, |
| ആകെ | 35000 | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VIII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -യുണൈറ്റഡ് ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018 മാർച്ച് മാസം 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതായി കാണുന്നില്ല. | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 28,21,30,635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23,50,92,269 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 13,150 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 13,150 | അനീഷ്കുമാർ വി.എൻ. അസിസ്റ്റന്റ് സെക്രട്ടറി |

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനീഷ്കുമാർ വി.എൻ. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത് | വടശ്ശേരി ഇല്ലം മന്നംനഗർ പി.ഒ. പന്തളം-689 501 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി3/396/98<br>തീയതി: 03/08/2009 | 1 (1-1) |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04<br>തീയതി: 11/05/2005 | 6 (2-1(a) To 2-1(e), 4-9 |
| 1999-00<br>(ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04<br>തീയതി: 05/07/2005 | 2 (2-3(a)(1-3), 2-3(b)(c) |
| 1999-00<br>(പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01<br>തീയതി: 04/02/2002 | 12(19(a),(b),(c), 31, 38, 42, 45, 48, 49, 51, 54, 79) |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03<br>തീയതി: 01/04/2004 | 2 (8, 15) |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06<br>തീയതി: 06/10/2006 | 13(2-7, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-16, 3-17) |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07<br>തീയതി: 03/04/2008 | 5 (2-8, 2-11, 2-12, 3-7, 3-11(a) |
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11<br>തീയതി: 08/12/2001 | 3 (3-5, 3-6, 3-7) |
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11<br>തീയതി: 08/12/2011 | 10(3-1, 3-3, 3-4, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14) |
| 2010-11 & 11-12 | എൽഎഫ്.പിറ്റിഎ/പി/7/992/13<br>തീയതി: 05/02/2014 | 9 (3-1, 3-3, 3-9, 3-10, 3-11-1, 3-11-2, 3-11-3, 3-11-4, 3-12) |
| 2012-13 | എൽഎഫ്.പിറ്റിഎ/പി<br>/7/954/14<br>തീയതി: 23/12/2014 | 8 (2-3, 3-1, 3-2-1, 3-2-2, 3-2-4, 3-4, 3-7, 3-8) |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15<br>തീയതി: 28/07/2015 | 1 (3-1) |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-1839/17<br>തീയതി: 21/06/2016 | 5 (2-2(a), 2-3, 3-4, 3-8, 3-11) |
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17<br>തീയതി: 07/10/2017 | 8 (2-4, 2-9, 3-1(a), 3-5, 3-8, 3-9, 3-19, 3-21) |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-23/18<br>തീയതി: 12/01/2019 | 3 (2-7, 2-8, 2-10) |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20<br>തീയതി: 16/03/2020 | 9 (1-13ബി, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-26, 1-33) |
| 2019-20 | കെഎസ്എ.പിറ്റിഎ/പി7/258/21<br>തീയതി: 09/04/2021 | |
| 2020-21 | കെഎസ്എ.പിറ്റിഎ/പി7/351/22<br>തീയതി: 07/05/2022 | 13 (1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-22, 1-23, 4-2, 4-7, 4-9,4-10) |
| 2021-22 | കെഎസ്എ.പിറ്റിഎ/പി7/214/23<br>തീയതി: 22/03/2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated 26-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KAVIYOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KAVIYOOR Grama Panchayat for the year 2022-2023

Date: 20/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KAVIYOOR Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash Flow statement -Net increase in cash flow Rs. 4,34,513/- does not match with difference between opening balance and closing balance of cash and cash equivalents -Rs.79,86,680/-

3. Bank Reconcilliation statement prepared for the following bank is incorrect

1. Directly debited by bank -amount not taken into account

| Bank | Descrepancy |
|---|---|

| | |
|---|---|
| SBI e-Payment A/C No. 36874509391 | Cheque issued but not presented into bank as on 31-03-2023 isRs.139037. But shown as Rs. 167089. |
| SBT E PAYMENT(70008) | .Directly credited bank Rs. 13583 not taken into account. |

4. Bank Balance doesnot match with the Annual Accounts
The closing balance of Central Bank of India (PYKA) as on 31-03-2023 does not match with the Annual accounts.
5. The amount directly credited to the bank is not taken into account

6. The receipt item given below is not booked under the correct head. The misclassification which leads to discrepancy in the outcome of Income & Expenditure statement and also affect the finanacial position of Balance Sheet of the institution.

| SL No. | Income | Amount Rs. | Receipt Head booked | Head to be booked 7. |
|---|---|---|---|---|
| 1 | Amount Received for Drinking Water Project From Dist. Panchayat.(Project No.S0112/13) | 15,00,000 | 320300199- Grants, Funds & Contributions for spcific purposes | 312100521- Contribution for JV projects(Capital Exp.) from Dist. Panchayat |
| 2 | Disposal of Vehicles | 1,53,500 | 140400199- Other Fees | 180300101- Profit on Disposal of Assets |
| 3 | Disposal of vehicles-EMD Adjusted | 20,000 | 340100103- EMD | 180300101- Profit on Disposal of Assets-not transferred to concerned revenue head |
| 4 | Life Housing Scheme-Block Share (Project No.. S0029/23) | 3,60,0000 | -- | 160300102- Contribution Towards JV- From Block Panchyats |

7. Expenses were not booked under proper head to reflect the purpose.
Amount spent on items described below were not booked under proper head to reflect the purpose of expenditure. Due to this, advance amount is included in the asset head and reflecting incorrect financial information in the balance sheet.

| Sl | Details of Expense | Amount | Expenses booked | Expenses to be |
|---|---|---|---|---|

| No. | | (Rs.) | | booked |
|---|---|---|---|---|
| 1 | Mathimala Pipe Line (Project No.S0112/13) | 15,00,000 | 414120008 Public Drinking Water programmes- Pipe Line | 460500201- Advance to Implementing Agencies- Deposit with KWA |
| 2 | Office Electrical Maintenance | 2,617 | 415100101- Electrification Of Offices | 230500904- Repairs and Maintenance- Electrical appliances |
| 3 | Iyrar Padasekharam post Installation (Projecct No.S0078/23) | 29,399 | 250101505- Agr. Development- Maintenance of farms | 460500202- Implementing Agencies - Deposit With Kerala Electricity Boar |

8. Lapses in making timely and accurate demand entries in respect of tax and non tax revenue.

9.Registers not maintained properly- Demanad registers of Rent is not properly maintained. The DCB of rent recorded in the register does not match with the figures in the Annual Financial Statement.
10. Schedule B-3: Amount transferred to capital contribution head when assets were created by various government grants is incorrect.
11. There are no supporting documents to substantiate the journal vouchers recorded.
12. Prior period item-Authenticated vouchers or worksheets were not maintained to verify the authenticity of the journal entries in the schedules.

13. Amounts received for execution of joint venture projects- Balance in the corresponding liability head and treasury account concerned does not match.
14.Appropriation Control register, Deposit register and Advance register were not maintained
15.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്